(ഇ) മിഷൻ 676-ൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള കണ്ണൂർ വിമാനത്താവള പദ്ധതി നവരത്ന പദ്ധതികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ബ്ലാക്ക് മെയിൽ കേസ്

158 (159) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലൂ ബ്ലാക്ക്മെയിൽ പെൺവാണിഭ കേസിൽ പ്രതി ബിന്ധ്യാസ് തോമസ്, രണ്ടു പേജുള്ള കത്തിലൂടെ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; കത്തിലെ ആരോപണങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിവരം വ്യക്തമാക്കുമോ ;

(ബി) ആരോപണവിധേയരായ ജനപ്രതിനിധികൾ ആരൊക്കെയാണ് ; ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരാണിവർ ;

(സി) ആരോപണത്തെ തുടർന്ന് ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാം എതിരെ പോലീസ് കേസ് എടുത്തിട്ടുണ്ട് ;

(ഡി) ബിന്ധ്യാ തോമസിന്റെ പരാതി മാധ്യമങ്ങൾക്ക് ലഭിച്ചതിന്റെ പേരിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണ് ?

ഉത്തരം

(എ) ആരോപണങ്ങളെ സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടില്ല. കത്തിലെ ആരോപണങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് നാല് വനിതാ പോലീസ് ഓഫീസർമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. WCPO T 2378 ശ്രീലത, 2. WCPO T 2487 ശോഭിത, 3. WCPO T 3046 ഷിനിലാൽ, 4. WCPO W 2487 വിജയലക്ഷ്മി.

ബ്ലാക്ക് മെയിൽ കേസ്

159 (160) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊച്ചി ബ്ലാക്ക്മെയിൽ പെൺവാണിഭ കേസിലെ പ്രതി ജയചന്ദ്രനെതിരെ സംസ്ഥാനത്ത് ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ ഉണ്ടെന്നു വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട് ;

(സി) ജയചന്ദ്രനെ, എം.എൽ.എ ഹോസ്റ്റലിൽ കൊണ്ട് പോയി തെളിവെടുക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) കൊച്ചി ബ്ലാക്ക് മെയിൽ കേസിലെ പ്രതി ജയചന്ദ്രനെതിരെ സംസ്ഥാനത്ത് 3 പോലീസ് സ്റ്റേഷനുകളിലായി ബ്ലാക്ക് മെയിൽ കേസ് ഉൾപ്പെടെ 3 കേസുകൾ നിലവിലുണ്ട്.

1. തിരുവനന്തപുരം ഇമ്പ പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 464/2013.
2. തിരുവനന്തപുരം വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 1061/2014.
3. എറണാകുളം പാലാരിവട്ടം പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ 999/2014.

(ബി) പ്രസ്തുത 3 കേസുകളുടെയും അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ഇല്ല. എം.എൽ.എ. ഹോസ്റ്റലിൽ ജയചന്ദ്രൻ ഒളിവിൽ താമസിച്ചിരുന്നോ എന്നുള്ള കാര്യത്തിന് വ്യക്തമായ തെളിവുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലാത്തതിനാൽ എം.എൽ.എ. ഹോസ്റ്റലിൽ കൊണ്ടുപോയി തെളിവെടുത്തിട്ടില്ല.

മണൽ കടത്ത് കേസ്

160 (161) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളപട്ടണം പോലീസ് സ്റ്റേഷനിൽ മുൻ എം.പി. കെ. സുധാകരൻ പ്രതിയായി രജിസ്റ്റർ ചെയ്തിട്ടുള്ള മണൽ കടത്തുമായി ബന്ധപ്പെട്ട കേസ് പിൻവലിക്കാൻ സർക്കാർ ഉത്തരവ് നല്കിയിട്ടുണ്ടോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) മണൽ കടത്തുമായി ബന്ധപ്പെട്ട് പോലീസ് എടുത്ത കേസിലെ പ്രതികൾ ആരൊക്കെയായിരുന്നു ; സ്റ്റേഷനിൽ എത്തി പോലീസിനെ കയ്യേറ്റം ചെയ്തവർ ആരൊക്കെയായിരുന്നു ; എം.പി. ആയിരുന്ന സുധാകരനും സ്റ്റേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly